ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിലെ അർബൻ - 1, അർബൻ - 2, കോഴിക്കോട് റൂറൽ, കുന്ദമംഗലം, ബാലുശ്ശേരി, കൊടുവള്ളി എന്നീ പ്രോജക്ടുകളിലെ അംഗൻവാടി പ്രവർത്തകരുടെ സെലക്ഷൻ ലിസ്റ്റ് അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് അർബൻ - 1, 2 കുന്ദമംഗലം കൊടുവള്ളി എന്നീ പ്രോജക്ടുകളുടെ അംഗൻവാടി സെലക്ഷൻ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. കോഴിക്കോട് റൂറൽ, ബാലുശ്ശേരി എന്നീ പ്രോജക്ടുകളുടെ ലിസ്റ്റ് അംഗീകരിക്കുന്നതിന് തടസ്സമായി 4 കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. ഹൈക്കോടതി വിധിക്ക് വിധേയമായോ അല്ലാത്ത പക്ഷം കോടതിയുടെ അനുമതിയോടുകൂടിയോ മാത്രമേ ലിസ്റ്റ് അംഗീകരിക്കാൻ സാധിക്കുകയുള്ളൂ.

അംഗൻവാടി കുട്ടികൾക്കായുള്ള പദ്ധതികൾ

40 (194) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ അംഗൻവാടി കുട്ടികൾക്കുവേണ്ടി നടപ്പിലാക്കിയിരിക്കുന്ന ഒരു കപ്പ് പാൽ പദ്ധതി ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്ക് വേണ്ടി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; പാൽ നൽകിയ വകയിൽ മിൽമയ്ക്ക് നൽകാനുള്ള തുക, എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) അംഗനവാടി കുട്ടികൾക്കായി മറ്റ് എന്തെങ്കിലും പദ്ധതികൾ ഇപ്പോൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; കുട്ടികൾക്ക് മുട്ട നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) അംഗനവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) സർക്കാർ ഇത് സംബന്ധിച്ച് നിയമിച്ച ഏകാംഗ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്നും ഇത് നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അംഗൻവാടി കുട്ടികൾക്കു വേണ്ടി നടപ്പിലാക്കിയിരുന്ന ഒരു 'കപ്പുപാലും ഹസ്തദാനവും' പദ്ധതി ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്.

(ബി) ഈ പദ്ധതിക്ക് വേണ്ടി ആകെ 34,10,41,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനിയും 17,39,176 രൂപ കൂടി മിൽമയ്ക്ക് നൽകുവാനുണ്ട്.

(സി) 6 മാസത്തിനും 3 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പോഷകാഹാരത്തിന് അർഹരായവരും അംഗൻവാടികളിൽ സ്ഥിരമായി പോഷകാഹാര പരിപാടിക്ക് എത്തിച്ചേരാൻ കഴിയാത്തതുമായ കുട്ടികൾക്ക് നിശ്ചിത പോഷണമൂല്യമുള്ള ഭക്ഷ്യ മിശ്രിതം വീടുകളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള ടേക്ക് ഹോം റെഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്.) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അംഗൻവാടികളിലെ കുട്ടികൾക്ക് മുട്ട നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ സേവന-വേതന വ്യവസ്ഥകളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറെ സർക്കാർ ഏകാംഗ കമ്മീഷനായി നിയമിക്കുകയും കമ്മീഷന്റെ റിപ്പോർട്ട് പഠിച്ച സർക്കാർ 16-8-2005-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർടി.) നമ്പർ 403/05/സാ.ക്ഷേവ. പ്രകാരം അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സംസ്ഥാന വിഹിതം 100 രൂപ കൂടി വർദ്ധിപ്പിച്ച് ഓണറേറിയം നൽകാൻ ഉത്തരവാകുകയും ചെയ്യുകയുണ്ടായി.

(ഇ) ഏകാംഗ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പ്രസിദ്ധീകരിച്ചിട്ടില്ല. കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ പരിഗണിച്ച ശേഷമാണ് സർക്കാർ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സംസ്ഥാന വിഹിതം 100 രൂപ കൂടി വർദ്ധിപ്പിച്ച ഓണറേറിയം നൽകാൻ ഉത്തരവായിട്ടുള്ളത്.

കല്യാശ്ശേരി പഞ്ചായത്തിൽ പുതിയ അംഗൻവാടികൾ അനുവദിക്കാൻ നടപടി

41 (195) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി പഞ്ചായത്തിൽ പുതിയ അംഗൻവാടികൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ;

(ബി) അംഗൻവാടിയിലെ വർക്കർമാരെയും ഹെൽപ്പർമാരെയും നിശ്ചയിക്കുന്നതിന് കണ്ണൂർ റൂറൽ പ്രോജക്ടിൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ ;

(സി) അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അലവൻസ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗൻവാടികളിലെ വർക്കർമാരെയും ഹെൽപ്പർമാരെയും നിശ്ചയിക്കുന്നതിനുള്ള ഐ.സി.ഡി.എസ്. സെലക്ഷൻ കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർമാരിൽ നിന്നുള്ള ഒരംഗം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /മെമ്പർമാരിൽ നിന്നും രണ്ടുപേർ, ഒരു വനിത ഉൾപ്പെടെയുള്ള 3 സാമൂഹ്യപ്രവർത്തകർ എന്നിവരെക്കൂടി നോമിനേറ്റ് ചെയ്യേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പുതിയ അംഗങ്ങൾ തൽസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ അവരെ ഉൾപ്പെടുത്തി സെലക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി&ഡി) 1-8-2005 മുതൽ അംഗൻവാടി പ്രവർത്തകർക്ക് ഓണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly